"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം–33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡി.ബി 3/5215/13/സിഇ/തസ്വഭവ

തീയതി : 21.05.2015

# സർക്കുലർ

വിഷയം:– നഗരകാര്യ വകുപ്പ് – നഗരസഭകളുടെ 2015–16 പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകനയോഗം – സംബന്ധിച്ച്.

സൂചന:– നഗരകാര്യ ഡയറക്ടറുടെ 14/05/2015 ലെ ഡി2/7920/15 നമ്പർ കത്ത്.

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി മുൻസിപ്പൽ കോർപ്പറേഷൻ മേയർമാർ, നഗരസഭ ചെയർമാൻമാർ/ചെയർപേഴ്സൺമാർ/നഗരസഭ സെക്രട്ടറിമാർ, കോർപ്പറേഷൻ/ നഗരസഭ എൻജിനീയർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തികൊണ്ട് മേഖലാതലത്തിൽ യോഗങ്ങൾ താഴെപറയുന്ന സമയക്രമം അനുസരിച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുന്നതായി സൂചന കത്ത് മുഖേന നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. യോഗ സമയവും സ്ഥലവും ചുവടെ ചേർക്കുന്നു.

**മധ്യമേഖല** – എറണാകുളം, ഇടുക്കി, പാലക്കാട് (ഭാഗീകം), തൃശ്ശൂർ ജില്ലകളിലെ കോർപ്പറേഷൻ/നഗരസഭകൾ – **25/05/2015** രാവിലെ **10.00** മണി മുതൽ, **ടൗൺ ഹാൾ, എറണാകുളം** നോർത്ത് റെയിൽവെ സ്റ്റേഷന് സമീപം.

**ഉത്തരമേഖല** – കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് (ഭാഗീകം), ജില്ലകളിലെ കോർപ്പറേഷൻ/നഗരസഭകൾ – **29/05/2015** രാവിലെ **10.00** മണി മുതൽ, **കോഴിക്കോട് കോർപ്പറേഷൻ ഹാൾ.**

**ദക്ഷിണമേഖല** – തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കോർപ്പറേഷൻ/നഗരസഭകൾ – **02/06/2015** രാവിലെ **10.00** മണി മുതൽ **വനശ്രീ ആഡിറ്റോറിയം, വഴുതക്കാട്, തിരുവനന്തപുരം.**

ബഹു. നഗരകാര്യ ന്യൂനപക്ഷ ക്ഷേമ മന്ത്രിയും, ബഹു. തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പ് സെക്രട്ടറിയും ടി യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമത്തിൽ നടത്തപ്പെടുന്ന യോഗങ്ങളിൽ അതാത് മേഖലകളിൽ ഉൾപ്പെടുന്ന കോപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ എൻജിനീയറിംഗ് വിഭാഗം മേധാവികളും തദ്ദേശസ്വയംഭരണ വകുപ്പ് നോർത്ത്/സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർമാരും കൃത്യമായും പങ്കെടുക്കണമെന്നും അതാത് മേഖലകളിൽ ഉൾപ്പെടുന്ന മുനിസിപ്പൽ എൻജിനീയർമാർ ടി യോഗത്തിൽ പങ്കെടുക്കുന്നു എന്നുള്ളത് നോർത്ത്/സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർമാർ ഉറപ്പു വരുത്തേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

ഉള്ളടക്കം:– സൂചന കത്ത്.

ചീഫ് എൻജിനീയർ

S69

"ഭരണഭാഷ – മാതൃഭാഷ "

നം.ജി2/7920/15

നഗരകാര്യ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 14/05/2015
ഫോൺ–0471–2318896
Email ID- duatvpm@gmail.com

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്

1. പ്രോജക്ട് ഡയറക്ടർ,
   കെ.എസ്.യു.ഡി.പി.
2. എക്സിക്യൂട്ടീവ് ഡയറക്ടർ,
   ശുചിത്വ മിഷൻ.
3. എക്സിക്യൂട്ടീവ് ഡയറക്ടർ
   കുടുംബശ്രീ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ,
   ഇൻഫർമേഷൻ കേരളാ മിഷൻ.
5. ചീഫ് ടൗൺ പ്ലാനർ,
   നഗരാസൂത്രണം/പ്ലാനിംഗ്.
6. ചീഫ് എഞ്ചിനീയർ,
   തദ്ദേശ സ്വയംഭരണ വകുപ്പ്.
7. മാനേജിംഗ് ഡയറക്ടർ,
   ക്ലീൻ കേരള കമ്പനി.
8. ഡയറക്ടർ,
   മൃഗസംരക്ഷണ വകുപ്പ്.

| | |
|---|---|
| JE | |
| AE | |
| AE | |
| AEE | |
| AA | |
| JS | |

സർ,

വിഷയം:– നഗരകാര്യ വകുപ്പ്– നഗരസഭകളുടെ 2015–16 പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകനയോഗം –സംബന്ധിച്ച്.

സൂചന:– ........

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ /നഗരസഭാ ചെയർമാൻമാർ/ചെയർപേഴ്സൺമാർ, നഗരസഭാ സെക്രട്ടറിമാർ, നഗരസഭാ എഞ്ചിനീയർമാർ, നഗരസഭകളിലെ ഹെൽത്ത്,

റവന്യൂ വിഭാഗം മേധാവികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് മേഖലാ തലത്തിൽ ഒരു യോഗം താഴെ പറയുന്ന സമയക്രമം അനുസരിച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. യോഗസമയവും, സ്ഥലവും ചുവടെ ചേർക്കുന്നു.

**മധ്യമേഖല**- എറണാകുളം, ഇടുക്കി, പാലക്കാട് (ഭാഗികം), തൃശ്ശൂർ ജില്ലകളിലെ നഗരസഭകൾ- 25/05/2015 രാവിലെ 10 മണി മുതൽ, ടൗൺ ഹാൾ, എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനു സമീപം.

**ഉത്തരമേഖല**- കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് (ഭാഗികം) ജില്ലകളിലെ നഗരസഭകൾ 29/05/2015 രാവിലെ 10 മണി മുതൽ കോഴിക്കോട് കോർപ്പറേഷൻ ഹാൾ.

**ദക്ഷിണമേഖല**- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ നഗരസഭകൾ 02/06/2015 രാവിലെ 10 മണി മുതൽ- വനശ്രീ ഓഡിറ്റോറിയം, വഴുതയ്ക്കാട്.

ടി യോഗത്തിൽ ബഹുമാനപ്പെട്ട നഗരകാര്യ ന്യൂനപക്ഷക്ഷേമമന്ത്രിയും, ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ (നഗരകാര്യം) വകുപ്പ് സെക്രട്ടറിയും പങ്കെടുക്കുന്നതായിരിക്കും. പ്രസ്തുത യോഗത്തിൽ താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്നതിന് താങ്കളോ, പ്രാപ്തരായ ഉദ്യോഗസ്ഥരോ പങ്കെടുക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

നഗരകാര്യ ഡയറക്ടർക്കു വേണ്ടി

എസ്പി 15.05.15